പതിമൂന്നാംകേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.554 25.10.2011 - ൽ മറുപടിക്ക്

## കരമന - കളിയിക്കാവിള റോഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബി.സത്യൻ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.സെൽവരാജ് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) | കരമന - കളിയിക്കാവിള റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഈ ആവശ്യത്തിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി | ഇതിനുവേണ്ടി 30.03.2010 -ൽ 640 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. |
| (സി) | മുൻ സർക്കാർ ഈ റോഡ് വികസനത്തിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | മുൻ സർക്കാരിന്റെ കാലത്ത് ഈ റോഡിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഒന്നാംഘട്ടം എന്ന നിലയ്ക്ക് കരമന മുതൽ വഴിമുക്കുവരെ 12 കി.മീ. സ്ഥലം ഏറ്റെടുക്കുന്നതിന് 100 കോടി രൂപയുടെ അനുമതി സ.ഉ. (കയ്യെഴുത്ത്) നം.29/2010/പൊ.മ.വ. തീയതി 27.05.2010 പ്രകാരം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മുൻസർക്കാരിന്റെ കാലത്ത് ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിരുന്നോ; | (ഡി) | കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡ് 4 വരിപ്പാതയാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം സ.ഉ.(കയ്യെഴുത്ത്) നം.29/2010/പൊ.മ.വ. തീയതി 27.05.2010 പ്രകാരം നൽകിയിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതി ഫാസ്റ്റ് ട്രാക്കിൽ പ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഇ) | ഈ പദ്ധതി മേൽപറഞ്ഞ ഉത്തരവ് പ്രകാരം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസനയം സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ പുനരധിവാസ, പുന: ക്രമീകരണ നയത്തിന്റെ കരട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കായി 13.09.2011 -ലെ സ.ഉ.(സാധാ) നം.3971/2011/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് മന്ത്രി (കൺവീനർ), പൊതുമരാമത്ത് വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, ഊർജ്ജ വകുപ്പ് മന്ത്രി എന്നിവരടങ്ങുന്ന ഉപസമിതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിലുള്ള പുനരധിവാസപാക്കേജ് സംബന്ധിച്ച് തീരുമാനമായിക്കഴിഞ്ഞാൽ കരമന-കളിയിക്കാവിള റോഡിന്റെ വികസനത്തിനു വേണ്ട ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയാക്കാൻ കഴിയുന്നതാണ്. |

Salitha

സെക്ഷൻ ഓഫീസർ